3599
8/3/21

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - പഞ്ചായത്ത് വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ.ഷാൻസൺ.കെ.എ, ശ്രീമതി.മായാദേവി.ജെ, ശ്രീമതി ഗിരിജാദേവി മുതൽ പേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA (EKM) 294/17, 2147/17, 2252/17 നമ്പർ കേസ്സിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16.12.2019 ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(കൈ) നം.74/2021/ തസ്വഭവ തീയതി, തിരുവനന്തപുരം, 25/02/2021

പരാമർശം:- 1 സ.ഉ(പി)നം.07/2011/ സാ.നീ.വ, തീയതി 24/01/2011

2 ശ്രീ.ഷാൻസൺ.കെ.എ, ശ്രീമതി.മായാദേവി.ജെ, ശ്രീമതി ഗിരിജാദേവി മുതൽ പേർ ഫയൽ ചെയ്ത OA(EKM) 294/17, 2147/17, 2252/17 നമ്പർ കേസ്സിന്മേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ 16.12.2019 ൽ പുറപ്പെടുവിച്ച ഉത്തരവ്.

3. പഞ്ചായത്ത് ഡയറക്ടറുടെ 01.12.2020 ലെ പാൻ/13308/20- ഇ 10 നമ്പർ കത്ത്.

## ഉത്തരവ്

കേരള പബ്ലിക് സർവീസ് കമ്മീഷന്റെ 30/04/2012 തീയതിയിലെ കാറ്റഗറി നമ്പർ 257/12 പ്രകാരം നിയമിതരായി പഞ്ചായത്ത് വകുപ്പിലെ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ.ഷാൻസൺ.കെ.എ, ശ്രീമതി.മായാദേവി.ജെ, ശ്രീമതി ഗിരിജാദേവി മുതൽ പേർ ടിയാളുകൾ സർവ്വീസിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ നിയമനം ക്രമീകരിച്ച് പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനും ഇൻക്രിമെന്റ്, പേ ഫിക്സേഷൻ, പ്രൊമോഷൻ തുടങ്ങിയ സേവനാനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 294/17, 2147/17, 2252/17 നമ്പർ കേസ്സിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (2) പ്രകാരം താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

"..It is declared that the advice and appointment of the applicants to the post of Lower Division Typists in the Panchayat Department in their respective districts pursuant to the notification dated 30.04.2012 against Category No.257/2012 was against existing substantive vacancies and were entitled for regularisation in service and for declaration of their probations on completion of the requisite period from the date of joining service and also for increments, fixation of pay and other service benefits including seniority and promotion. Consequential orders will be issued by respondents1 and 2 within a period of four months from the date of receipt of a copy of this order "

2 സംസ്ഥാന സർക്കാർ സർവീസിൽ 01.01.2004 മുതൽ 31.12.2007 വരെയുള്ള കാലയളവിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിക്കേണ്ടിയിരുന്ന 3 ശതമാനം ഒഴിവുകൾ ബാക്ക് ലോഗ് ഒഴിവുകളായി കണക്കാക്കി നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ച് നിലവിലുള്ള തസ്തികയിൽ പ്രത്യേക നിയമനം നടത്തുന്നതിന് കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുവാൻ 24.01.2011 ലെ ജി.ഒ.(പി) നം.07/2011/SWD പ്രകാരം ഉത്തരവായിരുന്നു. ഇതിൽ പഞ്ചായത്ത് വകുപ്പിലെ ക്ലാസ് III വിഭാഗത്തിൽ 80 ബാക്ക് ലോഗ് ഒഴിവുകളിൽ 50 ക്ലർക്ക്, 30 എൽ ഡി ടൈപ്പിസ്റ്റ് ഒഴിവുകൾ നികത്തുന്നതിന് പി. എസ്.സി. യെ അറിയിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്ത 30 എൽ ഡി ടൈപ്പിസ്റ്റ് ഒഴിവിലേക്ക് കേരള പി.എസ്.സി യുടെ 30.04.2012 തീയതിയിലെ കാറ്റഗറി നമ്പർ 257/2012 പ്രകാരം 28 പേർ നിയമിതരായി. സൂപ്പർ ന്യൂമററി തസ്തികയിൽ

നിയമിതരായ എൽഡി ടൈപ്പിസ്റ്റുമാരെ വകുപ്പിൽ റഗുലർ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കാണ് ആഗിരണം ചെയ്തു വന്നിരുന്നത്.

3. ഒരു പ്രത്യേക വർഷത്തിൽ ഉണ്ടാകുന്ന ഒഴിവുകളുടെയും പ്രതീക്ഷിത ഒഴിവുകളുടെയും അടിസ്ഥാനത്തിൽ അനുയോജ്യമായ തസ്തികകൾ കണ്ടെത്താതെയാണ് എൽഡി ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ പഞ്ചായത്ത് വകുപ്പ് കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തത്. അതിനാൽ ഈ ടൈപ്പിസ്റ്റുകളെ നിയമിച്ചത് സൂപ്പർ ന്യൂമററി തസ്തികയിലേക്കാണ്, റെഗുലർ ഒഴിവുകളിലല്ല. കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഒരേ റാങ്ക് ലിസ്റ്റിൽ നിന്നും വിവിധ വകുപ്പുകളിൽ നിയമനം ലഭിച്ചവർ റഗുലർ ഒഴിവുകളിൽ ആഗിരണം ചെയ്യുകയുണ്ടായി. എന്നാൽ പഞ്ചായത്ത് വകുപ്പിൽ വലിയ തോതിൽ ഒഴിവുകളുണ്ടാകാത്ത ടൈപ്പിസ്റ്റ് തസ്തികകളിൽ ജോലിയിൽ പ്രവേശിച്ചവർ റഗുലർ ഒഴിവിലേയ്ക്ക് ആഗിരണം ചെയ്യപ്പെടാത്ത സ്ഥിതിയാണ് നിലനിന്നിരുന്നത്. പഞ്ചായത്ത് വകുപ്പ് ക്ലാസ് III ലെ വിവിധ തസ്തികകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തപ്പോൾ ഉണ്ടായ അപാകതമൂലമാണ് ഇവരെ റഗുലർ ഒഴിവുകളിൽ ആഗിരണം ചെയ്യാൻ സാധിക്കാതെ വന്നത്. വകുപ്പിലെ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ചെയ്ത് വരുന്ന 23 എൽ ഡി ടൈപ്പിസ്റ്റുമാരിൽ 8 എൽ ഡി ടൈപ്പിസ്റ്റുമാരുടെ നിയമനം ക്രമീകരിച്ചിട്ടില്ല.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന 30.04.2012 ലെ Category No.257/2012 പ്രകാരം നിയമിതരായെങ്കിലും പഞ്ചായത്ത് വകുപ്പിലെ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ചെയ്ത് വരുന്ന 23 എൽ ഡി ടൈപ്പിസ്റ്റുമാരെ റഗുലർ തസ്തികയിൽ ക്രമീകരിക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരം ഉത്തരവാകുന്നു.

1 കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന 30.04.2012 ലെ Category No.257/2012 പ്രകാരം നിയമിതരായെങ്കിലും പഞ്ചായത്ത് വകുപ്പിലെ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ചെയ്യുന്ന ഭിന്ന ശേഷിക്കാരായ 8 LD ടൈപ്പിസ്റ്റ്മാരുടെ നിയമനം ക്രമീകരിക്കുന്നതിനായി ഇവരെ നിയമിക്കപ്പെട്ട ഓഫീസുകളിൽ 8 LD ടൈപ്പിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്നു(അനുബന്ധമായി പേര് ചേർത്തിരിക്കുന്നതിൽ 1-8 വരെ).

2 നിലവിൽ നിയമനം ക്രമീകരിച്ചിട്ടുള്ള 15 എൽ.ഡി.ടൈപ്പിസ്റ്റുമാരും ഇനിയും നിയമനം ക്രമീകരിക്കുവാനുള്ള 8 എൽ.ഡി.ടൈപ്പിസ്റ്റുമാരും ഉൾപ്പെട്ട ആകെ 23 എൽ.ഡി.ടൈപ്പിസ്റ്റുമാർക്ക് ഇവർ സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ പ്രാബല്യത്തിൽ നിയമനം ക്രമീകരിച്ച് പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനും, സേവനാനുകൂല്യങ്ങൾ നൽകുന്നതിനും ഉത്തരവാകുന്നു(23 എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ ലിസ്റ്റ് അനുവന്ധമായി ചേർക്കുന്നു).

3. അലക്ഷ്യമായി ഒഴിവുകൾ തിട്ടപ്പെടുത്തി കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത പഞ്ചായത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ ഉത്തരവാകുന്നു.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം(2) ലെ ഉത്തരവ് ഇപ്രകാരം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, വയനാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള, തിരുവനന്തപുരം.
ശ്രീമതി.ഗിരിജാദേവി , എൽ ഡി ടൈപ്പിസ്റ്റ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ ഓഫീസ്, പാലക്കാട്
ശ്രീമതി. അഞ്ജന കെ.ജെ, എൽ ഡി ടൈപ്പിസ്റ്റ്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ഓഫീസ്, പാലക്കാട്
ശ്രീമതി. പ്രീതാമോൾ.എസ്, എൽ ഡി ടൈപ്പിസ്റ്റ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഓഫീസ്, വയനാട്
ശ്രീമതി. മനീജ വർക്കി, എൽ ഡി ടൈപ്പിസ്റ്റ്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, വയനാട്
ശ്രീമതി. സിന്ധു.പി.എൽ, എൽ ഡി ടൈപ്പിസ്റ്റ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഓഫീസ്, കോട്ടയം
ശ്രീമതി. മായാദേവി.ജെ, എൽ ഡി ടൈപ്പിസ്റ്റ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
ശ്രീമതി. ബിൻസി വർഗ്ഗീസ്, എൽ ഡി ടൈപ്പിസ്റ്റ്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ഓഫീസ്, പത്തനംതിട്ട
ശ്രീമതി. ഉഷ ആലഞ്ചേരി, എൽ ഡി ടൈപ്പിസ്റ്റ്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ഓഫീസ്, തൃശ്ശൂർ
ശ്രീ. ഷാൻസൺ കെ.എ, എൽ ഡി ടൈപ്പിസ്റ്റ്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ഓഫീസ്, എറണാകുളം
ശ്രീ. സമീർ എം.എ, എൽ ഡി ടൈപ്പിസ്റ്റ്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ഓഫീസ്, മലപ്പുറം
ശ്രീ. ലിജോ പോൾ, എൽ ഡി ടൈപ്പിസ്റ്റ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, തൃശ്ശൂർ
പൊതുഭരണ (എസ്.സി) വകുപ്പ്
ധന വകുപ്പ് (02.11.2020, 05.02.2021 എന്നീ തീയതികളിലെ ധെവ 1/243/20/ ധന നമ്പർ കുറിപ്പ് പ്രകാരം)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (06.11.2020 ലെ ഉപദേശ-ബി2/51/19/ ഉഭപവ നമ്പർ കുറിപ്പ് പ്രകാരം )
സാമൂഹ്യനീതി വകുപ്പ് (24.12.2020 ലെ 79/ ഡി1/ 17/ സാനീവ നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 296/ ഇപിഎ 1/ 2017/ തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl. No. | Name | Name of Present Station | Designation | Date of Advice | Date of Entry in Service |
|---|---|---|---|---|---|
| 1. | Preethamol | DDP WYND | L D Typist | 26.11.2013 | 03.02.2014 |
| 2. | Maneeja Varkey | ADP WYND | L D Typist | 26.11.2013 | 04.02.2014 |
| 3. | Girija Devi.K | DDP,PKD | L D Typist | 13.01.2014 | 26.02.2014 |
| 4. | Anjana.K.A | ADP PKD | L D Typist | 13.01.2014 | 26.02.2014 |
| 5. | Princy .V.R | DDP,KKD | L D Typist | 04.06.2014 | 08.08.2014 |
| 6. | Prabhitha.M.A | ADP,KKD | L D Typist | 04.06.2014 | 06.08.2014 |
| 7. | Usha Alanchery | ADP TSR | L D Typist | 14.08.2014 | 29.09.2014 |
| 8. | Shyma.K | DDP KNR | L D Typist | 03.03.2015 | 10.04.2015 |
| 9. | Bindu. E.V | Dist. Panchayat, KSD | L D Typist | 30.10.2013 | **10.02.2014** |
| 10. | Ajeesha. M.A | DDP, IDK | L D Typist | 20.09.2014 | **10.11.2014** |
| 11. | Mayadevi.J | DDP, PTA | L D Typist | 04.09.2013 | **12.11.2013** |
| 12. | Sophy.R | DDP, ALP | L D Typist | 20.12.2013 | **26.02.2014** |
| 13. | Arun L | DDP, PKD | L D Typist | 13.01.2014 | **12.03.2014** |
| 14. | Prabhala P.V. | Directorate of Panchayat | L D Typist | 02.11.2015 | **07.01.2016** |
| 15. | Bincy Varghese | ADP, PTA | L D Typist | 04.09.2013 | **08.11.2013** |
| 16. | Sasikala.U | Dist.Panchayat, Kollam | L D Typist | 15.12.2014 | **10.02.2015** |
| 17. | Bindhu.A | DDP, Kollam | L D Typist | 24.09.2014 | **05.11.2014** |
| 18. | July.C.K | DDP, Kannur | L D Typist | 29.10.2014 | **03.12.2014** |

| | | | | | |
|---|---|---|---|---|---|
| 19. | Shanson.K.A | DDP, Ernakulam | L D Typist | 12.11.2013 | **27.12.2013** |
| 20. | Sameer M A | ADP, MPM | L D Typist | 02.08.2014 | **22.09.2014** |
| 21. | Sindhu P L | DDP, KTM | L D Typist | 30.07.2014 | **15.10.2014** |
| 22. | Usha S | ADP, ALP | L D Typist | 20.12.2013 | **26.02.2014** |
| 23. | Lijopaul. | DDP, TSR | L D Typist | 14.08.2014 | **29.09.2014** |

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-02-2021

ഫയൽ നം. ഇപിഎ1/296/2017/തസ്വഭവ. ഇനം നം: 4816

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 30.04.2012 തീയതിയിലെ കാറ്റഗറി നമ്പർ 257/12 പ്രകാരം നിയമിതരായെങ്കിലും പഞ്ചായത്ത് വകുപ്പിലെ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ചെയ്ത് വരുന്ന 23 എൽ.ഡി. ടൈപ്പിസ്റ്റുമാരെ റഗുലർ തസ്തികയിൽ നിയമന തീയതി മുതൽ സ്ഥിരപ്പെടുത്തണമെന്ന കോടതി വിധി നടപ്പാക്കി കോടതിയലക്ഷ്യം ഒഴിവാക്കുന്നത്.

182 തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഇപിഎ/296/2017/തസ്വഭവ |
| 2. | വകുപ്പ് | : | തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ് |
| 3. | വിഷയം | : | കേരള പബ്ലിക് സർവീസ് കമ്മീഷന്റെ 30/04/2012 തീയതിയിലെ കാറ്റഗറി നമ്പർ 257/12 പ്രകാരം നിയമിതരായെങ്കിലും പഞ്ചായത്ത് വകുപ്പിലെ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ചെയ്ത് വരുന്ന 23 എൽ ഡി ടൈപ്പിസ്റ്റുമാരെ റഗുലർ തസ്തികയിൽ നിയമന തീയതി മുതൽ സ്ഥിരപ്പെടുത്തണമെന്ന കോടതി വിധി നടപ്പാക്കി കോടതിയലക്ഷ്യം ഒഴിവാക്കുന്നത്-സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 15/2/2021 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ധന വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. രമണി മാത്യു |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22/02/2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22/02/2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എ.സി. മൊയ്തീൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23/02/2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23/02/2021 |
| 15. | മന്ത്രിസഭാ യോഗം തീരുമാനം എടുത്ത തീയതി | : | 24.02.2021 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | GO(Ms)No.74/2021/LSGD, dtd 25.02.2021 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള പബ്ലിക് സർവീസ് കമ്മീഷന്റെ 30/04/2012 തീയതിയിലെ കാറ്റഗറി നമ്പർ 257/12 പ്രകാരം നിയമിതരായെങ്കിലും പഞ്ചായത്ത് വകുപ്പിലെ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ചെയ്ത് വരുന്ന 23 എൽ ഡി ടൈപ്പിസ്റ്റുമാരെ റഗുലർ തസ്തികയിൽ നിയമന തീയതി മുതൽ സ്ഥിരപ്പെടുത്തണമെന്ന കോടതി വിധി നടപ്പാക്കി കോടതിയലക്ഷ്യം ഒഴിവാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2.സംസ്ഥാന സർക്കാർ സർവീസിൽ 01.01.2004 മുതൽ 31.12.2007 വരെയുള്ള കാലയളവിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിക്കേണ്ടിയിരുന്ന 3 ശതമാനം ഒഴിവുകൾ ബാക്ക് ലോഗ് ഒഴിവുകളായി കണക്കാക്കി നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ച് നിലവിലുള്ള തസ്തികയിൽ പ്രത്യേക നിയമനം നടത്തുന്നതിന് കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുവാൻ 24.01.2011 ലെ ജി.ഒ.(പി)നം.07/2011/SWD പ്രകാരം ഉത്തരവായിരുന്നു. ഇതിൽ പഞ്ചായത്ത് വകുപ്പിലെ ക്ലാസ് III വിഭാഗത്തിൽ 80 ബാക്ക് ലോഗ് ഒഴിവുകളിൽ 50 ക്ലർക്ക്, 30 എൽ ഡി ടൈപ്പിസ്റ്റ് ഒഴിവുകൾ നികത്തുന്നതിന് പി. എസ്.സി. യെ അറിയിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്ത 30 എൽ ഡി ടൈപ്പിസ്റ്റ് ഒഴിവിലേക്ക് കേരള പി.എസ്.സി യുടെ 30.04.2012 തീയതിയിലെ കാറ്റഗറി നമ്പർ 257/2012 പ്രകാരം 28 പേർ നിയമിതരായി. സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായ 23 എൽഡി ടൈപ്പിസ്റ്റുമാരെ വകുപ്പിൽ റഗുലർ ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് ആഗിരണം ചെയ്തു വരുകയാണ് ചെയ്തു വരുന്നത്. 2013-ലോ അതിനുശേഷമോ സേവനത്തിൽ പ്രവേശിച്ചവരും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഇവർ സൂപ്പർന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിക്കപ്പെട്ടതുമൂലം തങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന വിഷയം ചൂണ്ടിക്കാട്ടി ശ്രീ.ഷാൻസൺ.കെ.എ, ശ്രീമതി.മായാദേവി.ജെ, ശ്രീമതി ഗിരിജാദേവി മുതൽ പേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ യഥാക്രമം ഫയൽ ചെയ്ത OA (EKM) 294/17, 2147/17, 2252/17 എന്നീ നമ്പർ കേസ്സിൻമേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16.12.2019 ൽ താഴെ പറയും പ്രകാരം ഉത്തരവാകുകയുണ്ടായി.

"..It is declared that the advice and appointment of the applicants to the post of Lower Division Typists in the Panchayat Department in their respective districts

pursuant to the notification dated 30.04.2012 against Category No.257/2012 was against existing substantive vacancies and were entitled for regularisation in service and for declaration of their probations on completion of the requisite period from the date of joining service and also for increments, fixation of pay and other service benefits including seniority and promotion. Consequential orders will be issued by respondents1 and 2 within a period of four months from the date of receipt of a copy of this order "

എന്നാൽ പ്രസ്തുത ഉത്തരവ് സമയബന്ധിതമായി പാലിക്കാതിരുന്നതിനാൽ ടിയാളുകൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത കോടതിയലക്ഷ്യ ഹർജി CP(E)No.58/2020, CP(E)No.59/2020 എന്നിവയ്ക്കെതിരെയുള്ള MA(EKM)-1663/20 in OA(EKM)- 294/2017 and MA(EKM)-1768/20 in OA(EKM)-2252/2017 എന്നീ കേസ്സിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നേരിട്ട് ഹാജരാകണമെന്ന് ഉത്തരവായിരുന്നു. പ്രസ്തുത കോടതിയലക്ഷ്യ ഹർജി ഇപ്പോഴും നിലനിൽക്കുന്നു.

3. കേരള പബ്ലിക്ക് സർവ്വീസ് കമ്മിഷനിലേക്ക് പഞ്ചായത്ത് വകുപ്പിലെ ക്ലാസ് III വിഭാഗത്തിൽ 80 ബാക്ക് ലോഗ് ഒഴിവുകളിൽ 50 ക്ലർക്ക്, 30 എൽ ഡി ടൈപ്പിസ്റ്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്ത സമയത്ത് 3279 ക്ലറിക്കൽ തസ്തികയും 93 ടൈപ്പിസ്റ്റ് തസ്തികയും മാത്രമേ പഞ്ചായത്ത് വകുപ്പിൽ ഉണ്ടായിരുന്നുള്ളൂ. മേൽ കാലയളവിൽ നിലവിലുള്ള തസ്തികയുടെ 25% ഒഴിവ് ഉണ്ടായാൽ പോലും 20 തസ്തികകൾ മാത്രമേ ഒഴിവ് ഉണ്ടാകുന്നുള്ളൂ. ആ ഒഴിവിന്റെ 3% 1 ൽ താഴെ മാത്രമേ വരുകയുള്ളൂ. എന്നാൽ ഒഴിവുകൾ കണക്കാക്കുന്നതിൽ പഞ്ചായത്ത് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചയുണ്ടായി. ഒരു പ്രത്യേക വർഷത്തിൽ ഉണ്ടാകുന്ന ഒഴിവുകളുടെയും പ്രതീക്ഷിത ഒഴിവുകളുടെയും അടിസ്ഥാനത്തിൽ അനുയോജ്യമായ തസ്തികകൾ കണ്ടെത്താതെയാണ് എൽഡി ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ പഞ്ചായത്ത് വകുപ്പ് കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തത്. അതിനാൽ ഈ ടൈപ്പിസ്റ്റുകളെ നിയമിച്ചത് സൂപ്പർ ന്യൂമററി തസ്തികയിലേക്കാണ്, റെഗുലർ ഒഴിവുകളിലല്ല. എന്നാൽ പ്രസ്തുത വകുപ്പിൽ ടി കാലയളവിൽ ക്ലാർക്ക് തസ്തികയിൽ ആനുപാതികമായ ഒഴിവ് ഉണ്ടായിരുന്നതായി അനുമാനിക്കാവുന്നതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ

ഒരേ റാങ്ക് ലിസ്റ്റിൽ നിന്നും വിവിധ വകുപ്പുകളിൽ നിയമനം ലഭിച്ചവർ റഗുലർ ഒഴുവുകളിൽ ആഗിരണം ചെയ്യുകയുണ്ടായി. എന്നാൽ പഞ്ചായത്ത് വകുപ്പിൽ വലിയ തോതിൽ ഒഴുവുകളുണ്ടാകാത്ത ടൈപ്പിസ്റ്റ് തസ്തികകളിൽ ജോലിയിൽ പ്രവേശിച്ചവർ റഗുലർ ഒഴിവിലേയ്ക്ക് ആഗിരണം ചെയ്യപ്പെടാത്ത സ്ഥിതിയാണ്.

4. 30/04/2012 ലെ Category No 257/12 പ്രകാരം പഞ്ചായത്ത് വകുപ്പിൽ സൂപ്പർ ന്യൂമററി എൽഡി ടൈപ്പിസ്റ്റുകളായി നിയമിക്കപ്പെട്ടവരുടെ വിശദാംശങ്ങളും റെഗുലറൈസേഷന്റെ തീയതിയും ചുവടെ ചേർക്കുന്നു.

| Sl. No. | Name | Name of Present Station | Date of advice | Date of Entry in Service | Date of absorption in the regular vacancy | Remarks |
|---|---|---|---|---|---|---|
| 1. | Bindu. E.V | Dist. Panchayat, KSD | 30.10.2013 | **10.02.2014** | 16.01.2015 | 11 months |
| 2. | Ajeesha. M.A | DDP, IDK | 20.09.2014 | **10.11.2014** | 31.01.2015 | 2 months |
| 3. | Mayadevi.J | DDP, PTA | 04.09.2013 | **12.11.2013** | 01.05.2015 | 1 year 5 months |
| 4. | Sophy.R | DDP, ALP | 20.12.2013 | **26.02.2014** | 01.09.2015 | 1 year 8 months |

| | | | | | | |
|---|---|---|---|---|---|---|
| 5. | Arun L | DDP, PKD | 13.01.2014 | 12.03.2014 | 19.09.2015 | 1 year 6 months |
| 6. | Prabhala P.V. | Directorate of Panchayat | 02.11.2015 | 07.01.2016 | 01.02.2016 | 25 days |
| 7. | Bincy Varghese | ADP, PTA | 04.09.2013 | 08.11.2013 | 14.12.2016 | 3 years 1 month |
| 8. | Sasikala.U | Dist.Panchayat, Kollam | 15.12.2014 | 10.02.2015 | 01.06.2017 | 2 years 3 months |
| 9. | Bindhu.A | DDP, Kollam | 24.09.2014 | 05.11.2014 | 01.08.2017 | 2 years 8 months |
| 10. | July.C.K | DDP, Kannur | 29.10.2014 | 03.12.2014 | 01.08.2017 | 2 years 8 months |
| 11. | Shanson.K.A | DDP, Ernakulam | 12.11.2013 | 27.12.2013 | 01-03-2018 | 4 years 2 months |
| 12. | Sameer M A | ADP, MPM | 02.08.2014 | 22.09.2014 | 01.03.2019 | 4 years 5 months |
| 13. | Sindhu P L | DDP, KTM | 30.07.2014 | 15.10.2014 | 01.04.2019 | 4 years 5 months |
| 14 | Usha S | ADP, ALP | 20.12.2013 | 26.02.2014 | 01.06.2020 | 6 years 3 months |
| 15 | Lijopaul. | DDP, TSR | 14.08.2014 | 29.09.2014 | 01.06.2020 | 5 years 8 months |

5. ബാക്ക് ലോഗ് നിയമനം വഴി നിയമിതരായവരിൽ ചുവടെ ചേർക്കുന്ന 8 ഉദ്യോഗസ്ഥരുടെ നിയമനമാണ് ഇനിയും ക്രമീകരിക്കേണ്ടതായിട്ടുള്ളത്.

| Sl. No. | Name | Name of Present Station | Designation | Date of Advice | Date of Entry in Service |
|---|---|---|---|---|---|
| 1. | Preethamol | DDP WYND | L D Typist | 26.11.2013 | 03.02.2014 |
| 2. | Maneeja Varkey | ADP WYND | L D Typist | 26.11.2013 | 04.02.2014 |
| 3. | Girija Devi.K | DDP,PKD | L D Typist | 13.01.2014 | 26.02.2014 |
| 4. | Anjana.K.A | ADP PKD | L D Typist | 13.01.2014 | 26.02.2014 |
| 5. | Princy .V.R | DDP,KKD | L D Typist | 04.06.2014 | 08.08.2014 |
| 6. | Prabhitha.M.A | ADP,KKD | L D Typist | 04.06.2014 | 06.08.2014 |
| 7. | Usha Alanchery | ADP TSR | L D Typist | 14.08.2014 | 29.09.2014 |
| 8. | Shyma.K | DDP KNR | L D Typist | 03.03.2015 | 10.04.2015 |

6. മുകളിൽ പേര് ചേർത്തിരിക്കുന്നവരുടെ ജൂനിയറായിട്ടുള്ളവരെ റഗുലറൈസ് ചെയ്ത തീയതി പ്രാബല്യത്തിൽ റഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു :

05/04/2019-ലെ ഈ വകുപ്പിന്റെ ഇതേ നമ്പർ അഭിപ്രായത്തിലേയ്ക്ക് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. സൂപ്പർന്യൂമററി തസ്തികയിലുള്ളവരെ റഗുലർ ഒഴിവുണ്ടാകുന്ന മുറയ്ക്ക് മാത്രമേ റഗുലർ തസ്തികയിലേയ്ക്ക് ആഗിരണം ചെയ്യാൻ കഴിയുകയുള്ളു. പൊതു ലിസ്റ്റിൽ നിന്ന് വിവിധ വകുപ്പുകളിലേയ്ക്ക് നിയമിക്കപ്പെട്ടവരിൽ അതാത് വകുപ്പിലുണ്ടായ ഒഴിവുകളുടെ അടിസ്ഥാനത്തിൽ റഗുലർ തസ്തികയിലേയ്ക്ക് താമസംകൂടാതെ ആഗിരണം ചെയ്യപ്പെട്ടിട്ടുണ്ടാകാം. ആയത് പഞ്ചായത്ത് വകുപ്പിൽ റഗുലർ തസ്തികയിലേയ്ക്ക് ആഗിരണം ചെയ്യുന്നതിന് ഒരു കാരണമായി കാണാനാവില്ല. ആയതിനാൽ ടൈപ്പിസ്റ്റ്

ആയി സൂപ്പർ ന്യൂമററി ആയി നിയമിതരായാവരുടെ നിയമനം റാങ്ക് ലിസ്റ്റിൽ ഇവരുടെ ജൂനിയറായതും മറ്റ് വകുപ്പിൽ നിയമനം ലഭിച്ചവർക്കും അതാത് വകുപ്പിൽ നിയമനം ക്രമീകരിച്ച് പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതി പ്രാബല്യത്തിൽ ആനുകൂല്യങ്ങൾ നൽകുവാൻ കഴിയുകയില്ല.

പഞ്ചായത്ത് വകുപ്പിൽ ആകെ 93 ടൈപ്പിസ്റ്റ് പോസ്റ്റാണ് ഉള്ളതെന്ന് ഭരണ വകുപ്പ് ഫയലിൽ നിന്ന് മനസ്സിലാക്കുന്നു. 01.01.2004 മുതൽ 31.12.2007 വരെ ടൈപ്പിസ്റ്റ് തസ്തികയിൽ 30 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഒഴിവുകളുടെ മൂന്ന് ശതമാനം കണക്കാക്കി 30 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ ഏകദേശം 1000 ഒഴിവുകൾ വേണം. അതായത് ഒഴിവുകൾ കണക്കാക്കുന്നതിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഗുരുതര വീഴ്ചയുണ്ടായി. ഒരിക്കൽ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവ് പിവലിക്കാനാവില്ലെന്നിരിക്കെ ഇത്തരത്തിൽ അലക്ഷ്യമായി ഒഴിവുകൾ തിട്ടപ്പെടുത്തി റിപ്പോർട്ട് ചെയ്ത ജീവനക്കാർക്കെതിരെ വകുപ്പ്തല അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. നിലവിൽ സൂപ്പർന്യൂമററി തസ്തികയിലുള്ളവരുടെ ക്രമീകരണം സംബന്ധിച്ച ധനകാര്യ വകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്. ഈ വിഷയത്തിലെ KAT വിധിന്യായം പുറപ്പെടുവിച്ച കേസിലെ അപ്പീൽ സാദ്ധ്യത നിയമ വകുപ്പുമായി ആലോചിച്ച് ഭരണ വകുപ്പ വിലയിരുത്തേണ്ടതുമാണ്."

7. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം സാമൂഹ്യ നീതി വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു :

"24.01.2011-ലെ G.O. (P) No. 07 /2011/SWD പ്രകാരം 2004-2007 വരെയുള്ള വർഷങ്ങളിലെ ഓരോ വകുപ്പിലെയും ക്ലാസ് II, III & IV തസ്തികകളിലെ ബാക്ക് ലോഗ് ഒഴിവുകൾ കണ്ടെത്തി ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം പഞ്ചായത്ത് വകുപ്പിൽ ക്ലാസ് III തസ്തികയിൽ 80 ഒഴിവുകളും ക്ലാസ് IV തസ്തികയിൽ 12 ഒഴിവുകളുമാണ് ബാക്ക് ലോഗ് ഒഴിവുകളായി

കണ്ടെത്തിയിരുന്നത് . ഓരോ വകുപ്പിലും 01.01.2004 മുതൽ 31.12.2007 വരെ നടത്തിയ നിയമനങ്ങളുടെ അടിസ്ഥാനത്തിൽ ആയിരിക്കും ബാക്ക് ലോഗ് ഒഴിവുകൾ നികത്തേണ്ടതെന്നും ഉത്തരവായിട്ടുണ്ട്. ആയതിനാൽത്തന്നെ ഇക്കാര്യത്തിൽ ഏകീകൃത സ്വഭാവം ഉണ്ടെന്ന് കാണാവുന്നതാണ്. കൂടാതെ ഇപ്രകാരം കണ്ടെത്തിയ ഓരോ ബാക്ക് ലോഗ് ഒഴിവുകളും കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുവാനും വകുപ്പ് മേധാവികളെ ചുമതലപ്പെടുത്തിയിരുന്നു. 26.08.2011 -ലെ സ.ഉ.(അച്ചടി) 40/2011/SWD പ്രകാരം ക്ലാസ് III, IV തസ്തികകളിൽ പരാമർശിച്ചിട്ടുള്ള കോമൺ കാറ്റഗറി തസ്തികകളിലെ ഒഴിവുകളോ, വകുപ്പിലെ ഒരു പ്രത്യേക വിഭാഗത്തിൽ ആവശ്യമായ ഒഴിവുകളോ ഇല്ലെങ്കിൽ intake capacity കൂടുതലുള്ള വകുപ്പിലെ തസ്തികകളിലെ ഒഴിവുകളോ റിപ്പോർട്ട് ചെയ്യാനും വകുപ്പ് മേധാവികൾക്ക് അനുവാദം നൽകിയിരുന്നു. കൂടാതെ നിലവിലുള്ള ഒഴിവുകളെല്ലാം തീർന്നതിനു ശേഷം മാത്രം സൂപ്പർന്യൂമററി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനാണ് വകുപ്പ് മേധാവികളെ അധികാരപ്പെടുത്തിയിരുന്നത്. ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്ന സൂപ്പർന്യൂമററി ഒഴിവുകളുടെ വിവരം സാമൂഹ്യനീതി വകുപ്പിനെ അറിയിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. കൂടാതെ മറ്റൊരു വകുപ്പിൽ നിന്നും ഇത്തരമൊരു കാര്യം ശ്രദ്ധയിൽപെടുത്തിയിട്ടുമില്ല. പഞ്ചായത്ത് വകുപ്പ് ക്ലാസ് III ലെ വിവിധ തസ്തികകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ഉണ്ടായ അപാകതമൂലമാണോ ഇപ്പോഴത്തെ സ്ഥിതിവിശേഷം സംജാതമായിട്ടുള്ളതെന്നു പരിശോധിച്ച് ഫയൽ തിരികെ നൽകുവാൻ ആവശ്യപ്പെടുന്നു."

8. ഇത് സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് 03.08.2017, 02.12.2020 എന്നീ തീയതികളിൽ യഥാക്രമം താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി:

" 03.08.2017:- 26.08.2011 ലെ G.O(p) No. 40/2011/swd ഉത്തരവ് പ്രകാരം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കായുള്ള ബാക്ക് ലോഗ് ഒഴിവുകൾ നികത്തുന്നതുമായി ബന്ധപ്പെട്ട co-ordinating department ആയി സാമൂഹ്യക്ഷേമ വകുപ്പ് പ്രവർത്തിക്കുന്നതാണെന്നും പുതുതായി ഉണ്ടാകുന്ന

ഒഴിവുകളിലേക്ക് സൂപ്പർന്യൂമററി തസ്തികകളിലെ ജീവനക്കാരെ ആഗിരണം ചെയ്യുന്നത് ടി വകുപ്പ് നിരീക്ഷിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ അഭിപ്രായം ആരായാൻ ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു . "

" 02.12.2020:- 26.08.2011 ലെ ജി . ഒ .( പി ) നം .40/2011/ എസ്ഡബ്ല്യൂഡി ഉത്തരവ് പ്രകാരം ബാക്ക് ലോഗ് ഒഴിവുകൾ നികത്തുന്നതുമായി ബന്ധപ്പെട്ട കോ ഓർഡിനേറ്റിംഗ് ഡിപ്പാർട്ട്മെന്റ് ആയി സാമൂഹ്യക്ഷേമ വകുപ്പ് പ്രവർത്തിക്കുന്നതാണ് എന്നും, പുതുതായി ഉണ്ടാകുന്ന ഒഴിവുകളിലേക്ക് സൂപ്പർ ന്യൂമററി തസ്തികകളിലെ ജീവനക്കാരെ ആഗിരണം ചെയ്യുന്നത് ടി വകുപ്പ് നിരീക്ഷിക്കുന്നതാണെന്നും വ്യവസ്ഥ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ടി വിഷയം ധനകാര്യ വകുപ്പ് , ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് , നിയമ വകുപ്പ് എന്നീ വകുപ്പുകളുടേയും അഭിപ്രായം സഹിതം സാമൂഹ്യ നീതി വകുപ്പിൽ പരിശോധനയിലാണ് എന്ന് ഭരണ വകുപ്പ് ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്യപ്പെട്ട OA(EKM)No. 294/2017, 2147/2017, 2252/2017 എന്നീ വ്യവഹാരങ്ങളുടെ പൊതു ഉത്തരവ് നടപ്പാക്കാതിരുന്നതിനെതിരെ (LDGD-EPA1/66/2017-LSGD) കോടതിയലക്ഷ്യ നടപടികൾ ആരംഭിച്ചിട്ടുള്ളതായി ഭരണ വകുപ്പ് അനൗദ്യോഗികമായി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഭരണ വകുപ്പിന്റെ LSGD-EPA1/72/2017-LSGD നമ്പർ ഫയലിലെ ധനകാര്യ വകുപ്പിന്റെ 03.08.2017 ലെ Dev-1/139/2017-FIN നം അഭിപ്രായത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചു കൊണ്ട് വിഷയത്തിൽ സാമൂഹ്യ നീതി വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കി അടിയന്തിര തുടർ നടപടി സ്വീകരിക്കാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു "

9. ഇക്കാര്യം മന്ത്രിസഭായോഗത്തിൻ മുമ്പാകെ സമർപ്പിക്കാവുന്നതാണോയെന്നതിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായം വീണ്ടും തേടി മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയെന്ന് ഉത്തരവായി. അതിൻ പ്രകാരം വീണ്ടും ധനകാര്യ

വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി:

" 05.02.2021:- ബാക്ക് ലോഗ് നിയമനം വഴി നിയമിതരായവരിൽ ഇനി 8 ഉദ്യോഗസ്ഥരുടെ നിയമനം മാത്രമേ ക്രമീകരിക്കേണ്ടതായിട്ടുള്ളൂ എന്ന് ഭരണ വകുപ്പ് ഉറപ്പുവരുത്തികൊണ്ടു 8 LD ടൈപ്പിസ്റ്റ് തസ്തികകൾ മാത്രം സൃഷ്ടിച്ച്, ഇപ്പോൾ അവരെ നിയമിക്കപ്പെട്ടിരിക്കുന്ന ഓഫീസുകളിൽ തന്നെ ടിയാളുകളുടെ നിയമനം, ഉത്തരവ് തീയതി മുതൽ ക്രമീകരിക്കുന്നതിനും ആനുകൂല്യങ്ങൾ നൽകുന്നതിനും മന്ത്രിസഭായോഗത്തിന്റെ അനുമതിയോടു കൂടി തീരുമാനിക്കാവുന്നതാണ് എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു .

ഇതിന് ബഹു.ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

10. എന്നാൽ ഇവർ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന പഞ്ചായത്ത് വകുപ്പിൽ 30.04.2012 ലെ Category No.257/2012 പ്രകാരം നിയമിതരായതിനാൽ ഇനിയും നിയമനം ക്രമീകരിക്കാനുള്ള 8 LD ടൈപ്പിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമനം ക്രമീകരിച്ചിട്ടുള്ള 15 എൽ.ഡി.ടൈപ്പിസ്റ്റുമാർ ഉൾപ്പെടെ 23 എൽ.ഡി.ടൈപ്പിസ്റ്റുമാരെ അവർ സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ പ്രാബല്യത്തിൽ നിയമനം ക്രമീകരിച്ച് പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനും ഇൻക്രിമെന്റ്, പേ ഫിക്സേഷൻ, പ്രൊമോഷൻ തുടങ്ങിയ സേവനാനുകൂല്യങ്ങൾ അനുവദിക്കണമെന്നുള്ളതിനാലും വിഷയം പരിഗണിക്കുന്നതിനായി ഇക്കാര്യം മന്ത്രിസഭായോഗത്തിന് സമർപ്പിക്കാവുന്നതാണോയെന്നതിൽ ഉത്തരവിനായി ഫയൽ വീണ്ടും ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഇക്കാര്യം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിതിൻ പ്രകാരം 17.02.2021 ലെ മന്ത്രിസഭാ യോഗത്തിൽ ഇക്കാര്യം ഐറ്റം നം.4764 ആയി പരിഗണിക്കുകയും താഴെ പറയും പ്രകാരം തീരുമാനിച്ചു

"ഇക്കാര്യം ഒരിക്കൽ കൂടി വിശദമായി പരിശോധിച്ച ശേഷം പുതുക്കിയ കുറിപ്പുകൾ വീണ്ടും മന്ത്രിസഭായോഗം മുൻപാകെ കൊണ്ടുവരേണ്ടതാണ്."

## തീരുമാനിക്കേണ്ട വിഷയം

1. കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന 30.04.2012 ലെ Category No.257/2012 പ്രകാരം നിയമിതരായെങ്കിലും പഞ്ചായത്ത് വകുപ്പിലെ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ചെയ്യുന്ന ഭിന്ന ശേഷിക്കാരായ 8 LD ടൈപ്പിസ്റ്റ്മാരുടെ നിയമനം ക്രമീകരിക്കുന്നതിനായി ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം 8 LD ടൈപ്പിസ്റ്റ് തസ്തികകൾ ഇവരെ നിയമിക്കപ്പെട്ട ഓഫീസുകളിൽ സൃഷ്ടിക്കാമോ?

2. നിലവിൽ നിയമനം ക്രമീകരിച്ചിട്ടുള്ള 15 എൽ.ഡി.ടൈപ്പിസ്റ്റുമാരും ഇനിയും നിയമനം ക്രമീകരിക്കുവാനുള്ള 8 എൽ.ഡി.ടൈപ്പിസ്റ്റുമാരും ഉൾപ്പെട്ട ആകെ 23 എൽ.ഡി.ടൈപ്പിസ്റ്റുമാർക്ക് ഇവർ സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ പ്രാബല്യത്തിൽ നിയമനം ക്രമീകരിച്ച് പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനും, സേവനാനുകൂല്യങ്ങൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നു നൽകി കൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA (EKM) 294/17, 2147/17, 2252/17 കേസ്സിൻ മേലുള്ള 16.12.2019 ലെ ഉത്തരവ് നടപ്പാക്കി കോടതിയലക്ഷ്യ നടപടിയിൽ നിന്നും ഒഴിവാക്കാവുന്നതാണോ?

3. ധനകാര്യവകുപ്പ് അഭിപ്രായപ്പെട്ടപോലെ അലക്ഷ്യമായി ഒഴിവുകൾ തിട്ടപ്പെടുത്തി കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത പഞ്ചായത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണോ?

# GOVERNMENT OF KERALA

## (SRI. PINARAYI VIJAYAN MINISTRY)

### Note for the Council of Ministers

| | | | |
|---|---|---|---|
| 1 | File No. | : | EPA1/296/2017/LSGD |
| 2 | Department | : | Local Self Government (EPA) Department |
| 3 | Subject | : | The regularization of 23 LD typists with effect from the date of joining in service, who were appointed as per Category No 257/12 dated 30/04/2012 of Kerala Public Service Commission but working in the Supernumerary Post in the Panchayat Department, so as to exempt from the Contempt Of Court by comply the Final Order-reg |
| 4 | Date of Chief Minister's Order for placing before the Council | : | 15/02/2021 |
| 5 | (i)Does the case involve Financial Commitments/implications ? | : | Yes |
| | (ii)If the answer to the above is in the affirmative, whether Finance Dept. been consulted and their remarks incorporated in the Note for the Council ? | | Yes. |
| 6 | Are any other Departments concerned with the case and if so have they been consulted and their remarks incorporated in the note for the Council | : | Yes |
| 7 | Name of Additional Secretary who submitted the Draft Note | : | Smt. Remani Mathew |
| 8 | Name of Additional Chief Secretary who approved the Draft Note | : | Smt. Sarada Muraleedharan |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | : | 22/02/2021 |
| 10 | Name of Chief Secretary who approved the Draft Note | : | Dr. Vishwas Mehta |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 22/02/2021 |
| 12 | Name of Minister who approved the Draft Note | : | Sri. A.C. Moideen |
| 13 | Date of approval of the Draft Note for the Council by the Minister | : | 23/02/2021 |
| 14 | Date of submission of fair copies | : | 23/02/2021 |
| 15 | Date of Decision by the Council of Ministers | : | 24.02.2021 |
| 16 | Number and date of the G.O./Letter communicating the decision | : | GO(Ms)No.74/2021/LSGD, dtd 25.02.2021 |

## NOTE FOR THE COUNCIL OF MINISTERS

This note relates to the regularization of 23 LD typists with effect from the date of joining in service, who were appointed as per Category No 257/12 dated 30/04/2012 of Kerala Public Service Commission but working in the Supernumerary Post in the Panchayat Department, so as to exempt from the Contempt Of Court by comply the Final Order.

2. As per G.O.(P) no.7/2011/SWD dated 24.01.2011 Government ordered for special recruitment in the existing vacancies for filling up the backlog vacancies earmarked for appointment of differently abled candidates against the 3% quota for the period from 01.01.2004 to 31.12.2007 adopting the procedure prevailing in reporting vacancies to the Kerala Public Service Commission for recruitment. The Kerala Public Service Commission was informed to fill 50 Clerical Posts and 30 LD typist posts of 80 backlog vacancies in Class III Category of the Panchayat Department. 28 supernumerary LD Typists were appointed under category number 257/2012 of Kerala Public Service Commission dated 30.04.2012 to the 30 LD Typist vacancies reported from the Panchayat Department. The service of remaining 23 LD Typist is regularized as and when regular vacancies arise in Panchayat Department. Sri. Shanson K.A, Smt. Mayadevi J, Smt. Girijadevi and others who entered the service in the supernumerary post under differently abled category on or after 2013 filed OA (EKM) 294/17, 2147/17 and 2252/17 before Hon'ble Tribunal with a a prayer to sanction all their service benefits as they deserved and the Hon'ble Tribunal in its final order dtd 16.12.2019 ordered as follows.

"..It is declared that the advice and appointment of the applicants to the post of Lower Division Typists in the Panchayat Department in their respective districts pursuant to the notification dated 30.04.2012 against Category No.257/2012 was against existing substantive vacancies and were entitled for regularization in service and for declaration of their probations on completion

of the requisite period from the date of joining service and also for increments, fixation of pay and other service benefits including seniority and promotion. Consequential orders will be issued by respondents 1 and 2 within a period of four months from the date of receipt of a copy of this order "

The Applicants filed CP(E)No.58/2020, CP(E)No.59/2020 and the Hon'ble Kerala Administrative Tribunal in MA(EKM)-1663/20 in OA(EKM)-294/2017 and MA(EKM)-1768/20 in OA(EKM)-2252/2017 ordered that the first respondent, the Additional Chief Secretary, LSGD shall appear in person before Hon'ble Court as the above order is not complied with in the prescribed time period, and the Contempt petition is still in pending before Court.

3. Out of the 80 backlog vacancies identified in class III category in the Panchayat Department, 50 clerk and 30 LD typist vacancies were reported to Kerala Public Service Commission. At the time of reporting vacancies, only 3279 clerical posts and 93 typist post were existed in Panchayat Department. If 25% of the vacancy in the existing post is vacant in the above period, only 20 posts will be vacant. 3% of that vacancy will be only less than one. There was a serious lapse on the part of the concerned officials in the Panchayat department in calculating the vacancies. The Panchayath Department reported vacancies to the Kerala Public Service Commission for the post of LD typist without locating suitable posts on the basis of arising and anticipated vacancies for that particular year. Hence these LD typist had to be appointed in supernumerary post and not against regular vacancies. However, it can be assumed that there was a proportional vacancy in the post of Clerk in the said department during that period. Those who were appointed in various departments from the same rank list of the Kerala Public Service Commission were absorbed in the regular vacancies. However, those who were appointed in the LD typist posts in the Panchayat Department had no sufficient vacancies to absorb them into the regular vacancies.

4. The details and the date of regularization of those who have been appointed as supernumerary LD typists in the Panchayat Department as per Category No 257/12 dated 30/04/2012, are as follows:

| Sl. No. | Name | Name of Present Station | Date of advice | Date of Entry in Service | Date of absorption in the regular vacancy | Remarks |
|---|---|---|---|---|---|---|
| 1. | Bindu. E.V | Dist. Panchayat, KSD | 30.10.2013 | **10.02.2014** | 16.01.2015 | 11 months |
| 2. | Ajeesha. M.A | DDP, IDK | 20.09.2014 | **10.11.2014** | 31.01.2015 | 2 months |
| 3. | Maya devi.J | DDP, PTA | 04.09.2013 | **12.11.2013** | 01.05.2015 | 1 year 5 months |
| 4. | Sophy.R | DDP, ALP | 20.12.2013 | **26.02.2014** | 01.09.2015 | 1 year 8 months |
| 5. | Arun L | DDP, PKD | 13.01.2014 | **12.03.2014** | 19.09.2015 | 1 year 6 months |
| 6. | Prabhala P.V. | Directorate of Panchayat | 02.11.2015 | **07.01.2016** | 01.02.2016 | 25 days |
| 7. | Bincy Varghese | ADP, PTA | 04.09.2013 | **08.11.2013** | 14.12.2016 | 3 years 1 month |
| 8. | Sasikala.U | Dist.Panchayat, Kollam | 15.12.2014 | **10.02.2015** | 01.06.2017 | 2 years 3 months |
| 9. | Bindhu.A | DDP, Kollam | 24.09.2014 | **05.11.2014** | 01.08.2017 | 2 years 8 months |
| 10. | July.C.K | DDP, Kannur | 29.10.2014 | **03.12.2014** | 01.08.2017 | 2 years 8 months |
| 11. | Shanson.K.A | DDP, Ernakulam | 12.11.2013 | **27.12.2013** | 01-03-2018 | 4 years 2 months |
| 12 | Sameer M A | ADP, MPM | 02.08.2014 | **22.09.2014** | 01.03.2019 | 4 years 5 months |
| 13 | Sindhu P L | DDP, KTM | 30.07.2014 | **15.10.2014** | 01.04.2019 | 4 years 5 months |
| 14 | Usha S | ADP, ALP | 20.12.2013 | **26.02.2014** | 01.06.2020 | 6 years 3 months |

| | | | | | | |
|---|---|---|---|---|---|---|
| 15 | Lijopaul. | DDP, TSR | 14.08.2014 | **29.09.2014** | 01.06.2020 | 5 years 8 months |

5. The appointment of the following 8 officers, who have been appointed through backlog appointments, is yet to be regularized.

| Sl. No. | Name | Name of Present Station | Designation | Date of Advice | Date of Entry in Service |
|---|---|---|---|---|---|
| 1. | Preethamol | DDP WYND | L D Typist | 26.11.2013 | 03.02.2014 |
| 2. | Maneeja Varkey | ADP WYND | L D Typist | 26.11.2013 | 04.02.2014 |
| 3. | Girija Devi.K | DDP,PKD | L D Typist | 13.01.2014 | 26.02.2014 |
| 4. | Anjana.K.A | ADP PKD | L D Typist | 13.01.2014 | 26.02.2014 |
| 5. | Princy .V.R | DDP,KKD | L D Typist | 04.06.2014 | 08.08.2014 |
| 6. | Prabhitha.M.A | ADP,KKD | L D Typist | 04.06.2014 | 06.08.2014 |
| 7. | Usha Alanchery | ADP TSR | L D Typist | 14.08.2014 | 29.09.2014 |
| 8. | Shyma.K | DDP KNR | L D Typist | 03.03.2015 | 10.04.2015 |

6. When the file was forwarded to the Personnel and Administrative Reforms Department for remarks on whether the appointment of above LD Typists may be regularised wef the date of regularization of their Juniors, that Department has remarked as follows:

"05/04/2019-ലെ ഈ വകുപ്പിന്റെ ഇതേ നമ്പർ അഭിപ്രായത്തിലേയ്ക്ക് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. സൂപ്പർന്യൂമററി തസ്തികയിലുള്ളവരെ റഗുലർ ഒഴിവുണ്ടാകുന്ന മുറയ്ക്ക് മാത്രമേ റഗുലർ തസ്തികയിലേയ്ക്ക് ആഗിരണം ചെയ്യാൻ കഴിയുകയുള്ളൂ. പൊതു ലിസ്റ്റിൽ നിന്ന് വിവിധ വകുപ്പുകളിലേയ്ക്കു നിയമിക്കപ്പെട്ടവരിൽ അതാത് വകുപ്പിലുണ്ടായ ഒഴിവുകളുടെ അടിസ്ഥാനത്തിൽ റഗുലർ തസ്തികയിലേയ്ക്ക് താമസംകൂടാതെ ആഗിരണം ചെയ്യപ്പെട്ടിട്ടുണ്ടാകാം. ആയത് പഞ്ചായത്ത് വകുപ്പിൽ റഗുലർ

തസ്തികയിലേയ്ക്ക് ആഗിരണം ചെയ്യുന്നതിന് ഒരു കാരണമായി കാണാനാവില്ല. ആയതിനാൽ ടൈപ്പിസ്റ്റ് ആയി സൂപ്പർ ന്യൂമററി ആയി നിയമിതരായാവരുടെ നിയമനം റാങ്ക് ലിസ്റ്റിൽ ഇവരുടെ ജൂനിയറായതും മറ്റ് വകുപ്പിൽ നിയമനം ലഭിച്ചവർക്കും അതാത് വകുപ്പിൽ നിയമനം ക്രമീകരിച്ച് പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതി പ്രാബല്യത്തിൽ ആനുകൂല്യങ്ങൾ നൽകുവാൻ കഴിയുകയില്ല.

പഞ്ചായത്ത് വകുപ്പിൽ ആകെ 93 ടൈപ്പിസ്റ്റ് പോസ്റ്റാണ് ഉള്ളതെന്ന് ഭരണ വകുപ്പ് ഫയലിൽ നിന്ന് മനസ്സിലാക്കുന്നു. 01.01.2004 മുതൽ 31.12.2007 വരെ ടൈപ്പിസ്റ്റ് തസ്തികയിൽ 30 ഒഴിവുകൾ പി.എസ് .സിയ്ക്ക് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഒഴിവുകളുടെ മൂന്ന് ശതമാനം കണക്കാക്കി 30 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ ഏകദേശം 1000 ഒഴിവുകൾ വേണം. അതായത് ഒഴിവുകൾ കണക്കാക്കുന്നതിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഗുരുതര വീഴ്ചയുണ്ടായി. ഒരിക്കൽ പി.എസ് .സിയ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവ് പിവലിക്കാനാവില്ലെന്നിരിക്കെ ഇത്തരത്തിൽ അലക്ഷ്യമായി ഒഴിവുകൾ തിട്ടപ്പെടുത്തി റിപ്പോർട്ട് ചെയ്ത ജീവനക്കാർക്കെതിരെ വകുപ്പ്തല അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ് . നിലവിൽ സൂപ്പർന്യൂമററി തസ്തികയിലുള്ളവരുടെ ക്രമീകരണം സംബന്ധിച്ച ധനകാര്യ വകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ് . ഈ വിഷയത്തിലെ KAT വിധിന്യായം പുറപ്പെടുവിച്ച കേസിലെ അപ്പീൽ സാദ്ധ്യത നിയമ വകുപ്പുമായി ആലോചിച്ച് ഭരണ വകുപ്പ വിലയിരുത്തേണ്ടതുമാണ് . "

7. As advised by the Personnel and Administrative Reforms Department, When the file was forwarded to the Social Justice Department for remarks that Department has remarked as follows:

"24.01.2011-ലെ G.O. (P) No. 07 /2011/SWD പ്രകാരം 2004-2007 വരെയുള്ള വർഷങ്ങളിലെ ഓരോ വകുപ്പിലെയും ക്ലാസ് II, III & IV തസ്തികകളിലെ ബാക്ക് ലോഗ്। ഒഴിവുകൾ കണ്ടെത്തി ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം പഞ്ചായത്ത് വകുപ്പിൽ ക്ലാസ് III തസ്തികയിൽ 80 ഒഴിവുകളും

ക്ലാസ് IV തസ്തികയിൽ 12 ഒഴിവുകളുമാണ് ബാക്ക് ലോഗ്। ഒഴിവുകളായി കണ്ടെത്തിയിരുന്നത് . ഓരോ വകുപ്പിലും 01.01.2004 മുതൽ 31.12.2007 വരെ നടത്തിയ നിയമനങ്ങളുടെ അടിസ്ഥാനത്തിൽ ആയിരിക്കും ബാക്ക് ലോഗ്। ഒഴിവുകൾ നികത്തേണ്ടതെന്നും ഉത്തരവായിട്ടുണ്ട്. ആയതിനാൽത്തന്നെ ഇക്കാര്യത്തിൽ ഏകീകൃത സ്വഭാവം ഉണ്ടെന്ന് കാണാവുന്നതാണ്. കൂടാതെ ഇപ്രകാരം കണ്ടെത്തിയ ഓരോ ബാക്ക് ലോഗ്। ഒഴിവുകളും കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുവാനും വകുപ്പ് മേധാവികളെ ചുമതലപ്പെടുത്തിയിരുന്നു. 26.08.2011 -ലെ സ.ഉ.(അച്ചടി) 40/2011/SWD പ്രകാരം ക്ലാസ് III, IV തസ്തികകളിൽ പരാമർശിച്ചിട്ടുള്ള കോമൺ കാറ്റഗറി തസ്തികകളിലെ ഒഴിവുകളോ, വകുപ്പിലെ ഒരു പ്രത്യേക വിഭാഗത്തിൽ ആവശ്യമായ ഒഴിവുകളോ ഇല്ലെങ്കിൽ intake capacity കൂടുതലുള്ള വകുപ്പിലെ തസ്തികകളിലെ ഒഴിവുകളോ റിപ്പോർട്ട് ചെയ്യാനും വകുപ്പ് മേധാവികൾക്ക് അനുവാദം നൽകിയിരുന്നു. കൂടാതെ നിലവിലുള്ള ഒഴിവുകളെല്ലാം തീർന്നതിനു ശേഷം മാത്രം സൂപ്പർന്യൂമററി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനാണ് വകുപ്പ് മേധാവികളെ അധികാരപ്പെടുത്തിയിരുന്നത്. ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്ന സൂപ്പർന്യൂമററി ഒഴിവുകളുടെ വിവരം സാമൂഹ്യനീതി വകുപ്പിനെ അറിയിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. കൂടാതെ മറ്റൊരു വകുപ്പിൽ നിന്നും ഇത്തരമൊരു കാര്യം ശ്രദ്ധയിൽപെടുത്തിയിട്ടുമില്ല. പഞ്ചായത്ത് വകുപ്പ് ക്ലാസ് III ലെ വിവിധ തസ്തികകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തപ്പോൾ ഉണ്ടായ അപാകതമൂലമാണോ ഇപ്പോഴത്തെ സ്ഥിതിവിശേഷം സംജാതമായിട്ടുള്ളതെന്നു പരിശോധിച്ച് ഫയൽ തിരികെ നൽകുവാൻ ആവശ്യപ്പെടുന്നു."

8. Thereafter when the file was forwarded to the Finance Department on 03.08.2017 and 02.12.2020 that Department remarked as follows:

" 03.08.2017:- 26.08.2011 ലെ G.O(p) No. 40/2011/swd ഉത്തരവ് പ്രകാരം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കായുള്ള ബാക്ക് ലോഗ് ഒഴിവുകൾ നികത്തുന്നതുമായി ബന്ധപ്പെട്ട co-ordinating department ആയി

സാമൂഹ്യക്ഷേമ വകുപ്പ് പ്രവർത്തിക്കുന്നതാണെന്നും പുതുതായി ഉണ്ടാകുന്ന ഒഴിവുകളിലേക്ക് സൂപ്പർന്യൂമററി തസ്തികകളിലെ ജീവനക്കാരെ ആഗിരണം ചെയ്യുന്നത് ടി വകുപ്പ് നിരീക്ഷിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ അഭിപ്രായം ആരായാൻ ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു . "

" 02.12.2020:- 26.08.2011 ലെ ജി . ഒ .( പി ) നം .40/2011/ എസ്ഡബ്ല്യൂഡി ഉത്തരവ് പ്രകാരം ബാക്ക് ലോഗ് ഒഴിവുകൾ നികത്തുന്നതുമായി ബന്ധപ്പെട്ട കോ ഓർഡിനേറ്റിംഗ് ഡിപ്പാർട്ട്മെന്റ് ആയി സാമൂഹ്യക്ഷേമ വകുപ്പ് പ്രവർത്തിക്കുന്നതാണ് എന്നും, പുതുതായി ഉണ്ടാകുന്ന ഒഴിവുകളിലേക്ക് സൂപ്പർ ന്യൂമററി തസ്തികകളിലെ ജീവനക്കാരെ ആഗിരണം ചെയ്യുന്നത് ടി വകുപ്പ് നിരീക്ഷിക്കുന്നതാണെന്നും വ്യവസ്ഥ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ടി വിഷയം ധനകാര്യ വകുപ്പ് , ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് , നിയമ വകുപ്പ് എന്നീ വകുപ്പുകളുടേയും അഭിപ്രായം സഹിതം സാമൂഹ്യ നീതി വകുപ്പിൽ പരിശോധനയിലാണ് എന്ന് ഭരണ വകുപ്പ് ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്യപ്പെട്ട OA(EKM)No. 294/2017, 2147/2017, 2252/2017 എന്നീ വ്യവഹാരങ്ങളുടെ പൊതു ഉത്തരവ് നടപ്പാക്കാതിരുന്നതിനെതിരെ (LDGD-EPA1/66/2017-LSGD) കോടതിയലക്ഷ്യ നടപടികൾ ആരംഭിച്ചിട്ടുള്ളതായി ഭരണ വകുപ്പ് അനൗദ്യോഗികമായി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഭരണ വകുപ്പിന്റെ LSGD-EPA1/72/2017-LSGD നമ്പർ ഫയലിലെ ധനകാര്യ വകുപ്പിന്റെ 03.08.2017 ലെ Dev-1/139/2017-FIN നം അഭിപ്രായത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചു കൊണ്ട് വിഷയത്തിൽ സാമൂഹ്യ നീതി വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കി അടിയന്തിര തുടർ നടപടി സ്വീകരിക്കാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു "

9. When the file was circulated to Hon'ble Chief Minister for placing the matter before the Council of Ministers, it was ordered to seek the remarks of Finance Department again and then placed before

the Council of Ministers for consideration. Accordingly the remarks of Finance Department has been requested again and that department has remarked as follows :

" 05.02.2021:- ബാക്ക് ലോഗ് നിയമനം വഴി നിയമിതരായവരിൽ ഇനി 8 ഉദ്യോഗസ്ഥരുടെ നിയമനം മാത്രമേ ക്രമീകരിക്കേണ്ടതായിട്ടുള്ളൂ എന്ന് ഭരണ വകുപ്പ് ഉറപ്പുവരുത്തികൊണ്ടു 8 LD ടൈപ്പിസ്റ്റ് തസ്തികകൾ മാത്രം സൃഷ്ടിച്ച്, ഇപ്പോൾ അവരെ നിയമിക്കപ്പെട്ടിരിക്കുന്ന ഓഫീസുകളിൽ തന്നെ ടിയാളുകളുടെ നിയമനം, ഉത്തരവ് തീയതി മുതൽ ക്രമീകരിക്കുന്നതിനും ആനുകൂല്യങ്ങൾ നൽകുന്നതിനും മന്ത്രിസഭായോഗത്തിന്റെ അനുമതിയോടു കൂടി തീരുമാനിക്കാവുന്നതാണ് എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു .

ഇതിന് ബഹു.ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

10. When the file was circulated to Hon'ble Chief Minister for orders as to whether 8 LD typists post may be created for who have yet to be regularized and whether 23 LD typists, including 15 LD typists who have already regularised, who were appointed as per Category No 257/12 dated 30/04/2012 of Kerala Public Service Commission but working in the Supernumerary Post in the Panchayat Department may be regularized with effect from their date of joining to the service and the service benefits such as increment, pay fixation and promotion may be granted and it is ordered to place the matter before the Council of Ministers for consideration and the file was placed before the Council Of Ministers on 17.02.2021 as Item No. 4764, the file was returned with below decision.

"ഇക്കാര്യം ഒരിക്കൽ കൂടി വിശദമായി പരിശോധിച്ച ശേഷം പുതുക്കിയ കുറിപ്പുകൾ വീണ്ടും മന്ത്രിസഭായോഗം മുൻപാകെ കൊണ്ടുവരേണ്ടതാണ്."

## POINTS FOR DECISION

1. Whether 8 LD typists posts may be created in the office of the appointment of those 8 LD Typists who were appointed as per Category No 257/12 dated 30/04/2012 through the Kerala Public Service Commission, who are working in the Supernumerary Posts in the Panchayat Department, as adviced by Finance Department?

2. Whether the service of 23 LD typists including the 15 LD typists who have already been regularised and the 8 LD typists who are yet to be regualrised may be regularised w.e.f the date of their joining; and their probation declared and service benefits granted accordingly so as to abide by the Final Order dated 16.12.2019 in OA (EKM) 294/17, 2147/17 and 2252/17 and be exempted from the Contempt of Court by over ruling the advice of Finance Department?

3. Whether departmental action against those officers in the Panchayat Department, who reported the vacancies to Kerala Public Service Commission in a casual manner, may be taken as adviced by Finance Department?